അതിർത്തിയിൽനിന്ന് 20 കിലോമീറ്റർ അകലെ കർണ്ണാടകം 30 വർഷത്തിനുള്ളിൽ നിർമ്മിച്ച ഡാമിലേക്ക് കബനി നദിയിലെ വെള്ളം പൂർണ്ണമായും തിരിച്ചുവിട്ട് 20 മെഗാവാട്ടിന്റെയും 4 മെഗാവാട്ടിന്റെയും വൈദ്യുതി നിലയങ്ങൾ നിർമ്മിച്ച് ഈ നദിയിലെ വെള്ളം ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. ഈ നദിയിലെ വെള്ളം ഒരു തുള്ളിപോലും ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. ഗവൺമെന്റ് വിദഗ്ദ്ധ സമിതിയെ നിയോഗിച്ച് കബനി നദിയിലെ വെള്ളം കർണ്ണാടകം ഉപയോഗിക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് ആ വെള്ളം പരമാവധി ലിഫ്റ്റ് ഇറിഗേഷൻ വഴി വയനാട് ജില്ലയിലെ മുള്ളംകൊല്ലി, പുൽപ്പള്ളി തുടങ്ങിയ പഞ്ചായത്തുകളിലെ കാർഷികാവശ്യങ്ങൾക്കു വേണ്ടി ഉപയോഗിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, കബനി നദി ഒരു അന്തർ സംസ്ഥാന നദിയാണ്. വയനാട്ടിലെ ഏറ്റവും പ്രധാനപ്പെട്ട ജലസ്രോതസ്സുമാണ് ഇത്. നമുക്ക് പണമുണ്ടെങ്കിൽ അതിൽ നിന്ന് വെള്ളം ഉപയോഗിക്കാൻ വിഷമമില്ല. രണ്ട് മൂന്ന് വാക്കുകളിൽ പറഞ്ഞാൽ അദ്ദേഹം സൂചിപ്പിച്ചത് ലിഫ്റ്റ് ഇറിഗേഷൻ സ്കീമിനെ സംബന്ധിച്ചാണ്. അവിടെ താളൂർ എൽ. ഐ. സ്കീമിന്റെ കുറച്ചു ജോലികൾകൂടി മാത്രമേ പൂർത്തിയാക്കാനുള്ളൂ. അത് ഉടനെതന്നെ കമ്മീഷൻ ചെയ്യും. പാക്കം എൽ. ഐ. സ്കീമിന്റെ 70 ശതമാനം പണികളും പൂർത്തിയായിട്ടുണ്ട്. ഇനി ഇരുപത്തി നാല് ലക്ഷത്തി ഇരുപത്തിനാലായിരം രൂപ ഇതിനായി വേണം. അത് കൊടുക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിശോധനയിലാണ്. കഴിയുന്നതും വേഗം ആ പണം അലോട്ട് ചെയ്ത് കൊടുക്കാം. കൊളവല്ലി എൽ. ഐ. ഒന്നും രണ്ടും സ്കീമുകൾ ഭാഗീകമായി കമ്മീഷൻ ചെയ്തിട്ടുണ്ട്. ഒരു ട്രാൻസ്ഫോർമർ കൂടി വേണം. അതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതു കൂടി സ്ഥാപിച്ച് ഉടനെ പൂർണ്ണമായി കമ്മീഷൻ ചെയ്യാം. ദാസനക്കര എൽ. ഐ. സ്കീമിന്റെ എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടേയുള്ളൂ. ഡീപ്പു എൽ. ഐ. സ്കീമിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. കഴിയുന്നിടത്തോളം വെള്ളം കബനി നദിയിൽനിന്നും ഉപയോഗിക്കാനുള്ള നടപടികൾ സ്വീകരിക്കാം.

(13) കുഴൽമന്ദം നിയോജകമണ്ഡലത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് നടപടി

ശ്രീ. എ. കെ. ബാലൻ: സർ, കുടിവെള്ള പ്രശ്നം ഏറ്റവും രൂക്ഷമായ മണ്ഡലമാണ് പാലക്കാട് ജില്ലയിലെ കുഴൽമന്ദം അസംബ്ലി നിയോജക മണ്ഡലം. മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി രൂപം കൊടുത്ത പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരള വാട്ടർ അതോറിറ്റി രൂപം കൊടുത്ത 22,76,00,000 രൂപയുടെ പദ്ധതികൾക്കുള്ള പ്രിലിമിനറി എഞ്ചിനീയറിംഗ് റിപ്പോർട്ടുകൾ ലഭിച്ചുവെങ്കിലും തുടർ നടപടികൾ ഇതുവരെ ആരംഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

പെരിങ്ങോട്ടുകുറിശ്ശി, തരൂർ പഞ്ചായത്തുകളിൽ 6,25,00,000 രൂപയുടെയും കുത്തന്നൂർ ഒന്നും രണ്ടും വില്ലേജുകളിൽ 2,14,00,000 രൂപയുടേയും കുഴൽമന്ദം, കണ്ണാടി, തേൻകുറിശ്ശി പഞ്ചായത്തുകളിൽ 11,30,00,000 രൂപയുടേയും കോട്ടായി, മാത്തൂർ പദ്ധതിക്ക് 2,57,00,000 രൂപയുടേയും പദ്ധതികളാണ് നിലവിലുള്ളത്. ഈ പ്രവൃത്തികൾ തീർക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി അടിയന്തിരമായി ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, നടന്നുവരുന്ന പദ്ധതികൾ പലതുമുണ്ട്. അദ്ദേഹം ഇങ്ങോട്ട് പറഞ്ഞ ഫാക്ട്സിൽ ഒരെണ്ണം മാത്രമേ തെറ്റുള്ളൂ. കോട്ടായി-മാത്തൂർ എ. ആർ. പി. സ്കീമിന് 257 ലക്ഷം രൂപയാണ്. ബാക്കിയെല്ലാം അദ്ദേഹം പറഞ്ഞത് ശരിയാണ്. ഇതിന്റെ പ്രിലിമിനറി എഞ്ചിനീയറിംഗ് റിപ്പോർട്ട് ആയിട്ടുണ്ട്. ഡീറ്റെയിൽഡ് എഞ്ചിനീയറിംഗ് റിപ്പോർട്ട് കൂടി തയ്യാറാക്കിയിട്ടുണ്ട്. 2276 ലക്ഷം രൂപയുടെ മൊത്തം അടങ്കൽ വരുന്ന സ്കീം ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിക്കാം.

(14) അംഗൻവാടി ജീവനക്കാർക്ക് ഓണം ഫെസ്റ്റിവെൽ അലവൻസായി ഒരു മാസത്തെ ഓണറേറിയം അനുവദിക്കണമെന്നും അംഗൻവാടി സെൻററുകളുടെ വാടക പരിഷ്കരിക്കണമെന്നതും സംബന്ധിച്ച്

ശ്രീ. കെ. കെ. ജയചന്ദ്രൻ: സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത അംഗൻവാടികൾക്ക് ഗവൺമെന്റ് കൊടുക്കുന്ന വളരെ തുച്ഛമായ വാടക എട്ട് മാസമായി കുടിശ്ശികയായി കിടക്കുകയാണ്. പട്ടണങ്ങളിലെ അംഗൻവാടി കെട്ടിടങ്ങൾക്ക് 600 രൂപയും ഗ്രാമ പ്രദേശങ്ങളിലെ കെട്ടിടങ്ങൾക്ക് 300 രൂപയും നിശ്ചയിക്കണമെന്നും ഗവൺമെന്റ് ഫെസ്റ്റിവൽ അലവൻസ് എന്ന നിലയിൽ ഓണത്തിന് മറ്റ് ജീവനക്കാർക്ക് ആനുകൂല്യം കൊടുക്കുമ്പോൾ ഈ ജീവനക്കാർക്കും ഒരു മാസത്തെ ഓണറേറിയം ഫെസ്റ്റിവൽ ബോണസ്സായി കണക്കാക്കി നൽകണമെന്നും അതിന് ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, വളരെ കൂടിയ ആവശ്യമാണ്. ഒരു മാസത്തെ അലവൻസ് ബോണസ്സായി കൊടുക്കുകയെന്നു പറഞ്ഞാൽ ബുദ്ധിമുട്ടായിരിക്കും. നഗര പ്രദേശത്തെ വാടക ഗ്രാമപ്രദേശത്ത് കൊടുക്കാൻ കഴിയുകയില്ല. ഇവിടെ പറഞ്ഞ കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റ് പരിശോധിക്കുന്നതാണ്. അതുപോലെ വാടക കുടിശ്ശിക തീർക്കാനുള്ള നടപടികൾക്ക് മുൻകൈയെടുക്കാം. എന്തൊക്കെ കൊടുക്കാൻ കഴിയുമെന്നതിനെ സംബന്ധിച്ച് നോക്കാം.

LIBRARY ARCHIVES Kerala Legislative Assembly